**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4955** **14-03-2023 - ൽ മറുപടിയ്ക്ക്**

**എം.സി.റോഡ്, കൊല്ലം-ചെങ്കോട്ട റോഡ് വികസനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ എം മുകേഷ് ,<br>ഡോ. സുജിത് വിജയൻപിള്ള** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട റോഡുകളായ എം.സി.റോഡ്, കൊല്ലം-ചെങ്കോട്ട റോഡ് എന്നിവയുടെ വികസനം സംബന്ധിച്ച നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2022-23 ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച കേശവദാസപുരം മുതൽ അങ്കമാലി വരെയുള്ള എം.സി റോഡ് വികസനം, കൊല്ലം ചെങ്കോട്ട റോഡ് വികസനം എന്നീ പദ്ധതികൾക്ക് 1500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി 05/11/22-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായുള്ള വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) പി.ഡബ്ല്യൂഡി ഡിസൈൻ വിഭാഗത്തിൽ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | വിഴിഞ്ഞം തുറമുഖം പ്രവർത്തന സജ്ജമാകുമ്പോഴുള്ള ചരക്കുനീക്ക, ഗതാഗത ആവശ്യത്തിനായി നിർമ്മിക്കാൻ തീരുമാനിച്ച വിഴിഞ്ഞം-നാവായിക്കുളം റിംഗ് റോഡ് നിർമ്മാണ നടപടിയുടെ പുരോഗതി പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ? | (ബി) | കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ അനുമതി ലഭ്യമായ നാവായിക്കുളം-വിഴിഞ്ഞം ഔട്ടർ റിംഗ് റോഡിന്റെ ഭൂമി ഏറ്റെടുക്കലിന്റെ 50% തുക വഹിക്കുന്നതുമായി ബന്ധപ്പെട്ട് ദേശീയപാത അതോറിറ്റി സമർപ്പിച്ച Quadripartite Agreement സർക്കാർ പരിശോധിച്ചു വരുന്നു<br><br>പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് NH Act 1956 പ്രകാരമുള്ള 3A നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ബന്ധപ്പെട്ട CALA ഓഫീസർ മുഖേന 3D സർവ്വേ നടപടികൾ പുരോഗമിക്കുന്നു. പദ്ധതിക്ക് ടെണ്ടർ ക്ഷണിച്ചതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ